"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - അസിസ്റ്റന്റ് എൻജിനീയർ ഇന്ദിര എൻ.എം (PEN:425012)-ന്റെ നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1576/2024/LSGD തീയതി,തിരുവനന്തപുരം, 23-08-2024

---

പരാമർശം:-

1. അഡീഷണൽ ഡയറക്ടറുടെ 08.08.2024 ലെ LSGD/PD/66196/2023-DEH2 നമ്പർ നടപടിക്രമം.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 14.08.2024 ലെ LSGD/PD/66196/2023-DEH2 നമ്പർ കത്ത്.

**ഉത്തരവ്**

അസിസ്റ്റന്റ് എൻജിനീയർ ഇന്ദിര എൻ.എം -ന്റെ നിരീക്ഷണകാലം ദീർഘിപ്പിച്ച് നൽകുന്നതിനായി പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപോസൽ സമർപ്പിക്കുകയുണ്ടായി. ഇന്ദിര എൻ.എം പ്രൊമോഷൻ മുഖേന അസിസ്റ്റന്റ് എഞ്ചിനീയറായി നിയമിതനാകുകയും 01.03.2019 പൂർവ്വാഹനത്തിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. നിരീക്ഷണ കാലയളവിൽ ടിയാരിയുടെ സേവനവും സ്വഭാവവും തൃപ്തികരമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാരിക്കെതിരെ വിജിലൻസ് നടപടികളോ അച്ചടക്കനടപടികളോ നിലവിലില്ലെന്ന് വിജിലൻസ് വിഭാഗം റിപ്പോർട്ട് നൽകിയിട്ടുണ്ട്. നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന് ആവശ്യമായ വകുപ്പ് പരീക്ഷ പാസ്സായിരിക്കണം എന്ന നിബന്ധന ടിയാരി യഥാസമയം പാലിച്ചിട്ടില്ലാത്തതാണ്. നിർബന്ധിത വകുപ്പ്തല പരീക്ഷയുടെ അവസാന പരീക്ഷ പാസ്സായത് 08.04.2022 ൽ മാത്രമാണ്. ഇന്ദിര എൻ.എം, അസിസ്റ്റന്റ് എഞ്ചിനീയറുടെ നിരീക്ഷണകാലം 01/03/2021 മുതൽ 28/2/2022 വരെ ഒരു വർഷകാലയളവിലേയ്ക്ക് പരാമർശം (1) പ്രകാരം വകുപ്പ് മേധാവി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (3) ശിപാർശയുടെ അടിസ്ഥാനത്തിൽ ഇന്ദിര എൻ.എം (PEN:425012)-ന്റെ അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലെ നിരീക്ഷണ കാലയളവ് 10.04.2022 വരെ 1958 കെ.എസ്&എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അഷറഫ് എ

അണ്ടർ സെക്രട്ടറി

ഇന്ദിര എൻ.എം (PEN:425012), അസിസ്റ്റന്റ് എഞ്ചിനീയർ (ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (EWB2/166/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
Date: 23-08-2024 15:32:43

സെക്ഷൻ ഓഫീസർ